## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T 2776** **20/06/2013-ൽ മറുപടിയ്ക്ക്**

**എൻ. എച്ച്. 17 നുവേണ്ടി എടുക്കുന്ന സ്ഥലത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എസ്. സുനിൽകുമാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഹൈവേ 17-ന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് കളക്ടറുടെ ചേമ്പറിൽ വച്ചു നടന്ന സർവ്വകക്ഷിയോഗതീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കാമോ ; | (എ) തൃശ്ശൂർ ജില്ലയിൽ നടന്ന സർവ്വ കക്ഷിയോഗം താഴെപറയുന്ന തീരുമാനങ്ങളിൽ എത്തിച്ചേർന്നു:<br><br>1) ദേശീയപാതയുടെ വീതി 45 മീറ്റർ എന്നത് സർക്കാർ തലത്തിൽ എടുത്ത തീരുമാനമായതിനാൽ ഇതിൽ മാറ്റം വരുത്തുവാൻ ജില്ലാ കളക്ടർക്ക് അധികാരമില്ല.<br><br>2) സർവ്വെ പൂർത്തിയാക്കിയതിനു ശേഷം മാത്രമേ നഷ്ടപരിഹാരം തിട്ടപ്പെടുത്താനാവൂ എന്നതിനാൽ സർവ്വെ പൂർത്തിയാക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.<br><br>3) ഭൂമി മുഴുവനായി നഷ്ടപ്പെടുന്നവർക്കും 3 സെന്റ് ഭൂമി പോലും ബാക്കി ഇല്ലാത്തവർക്കും 3 സെന്റ് ഭൂമി പുനരധിവാസത്തിന് നൽകുന്നതിന് ജില്ലാ കളക്ടർ സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതാണ്.<br><br>4) സർവ്വെ പൂർത്തീകരിച്ചതിനു ശേഷം വീണ്ടും സർവ്വ കക്ഷിയോഗം ചേർന്ന് ചർച്ച ചെയ്തതിനു ശേഷമേ 3ഡി വിജ്ഞാപനം പ്രസിദ്ധീകരണത്തിനു നൽകുകയുള്ളൂ. |

06-03-2010-ന് മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ ബന്ധപ്പെട്ട എം.പി.മാർ, എം.എൽ.എ.മാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ പുനരധിവാസ പാക്കേജ് തയ്യാറാക്കി സർക്കാറിന് സമർപ്പിക്കാൻ തീരുമാനിച്ചു. നഷ്ടപരിഹാരത്തുക നിലവിലെ മാർക്കറ്റ് തുക അനുസരിച്ച് തർക്കമറ്റ രീതിയിൽ നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമെന്നും വെന്നിയൂരിൽ നിലവിലുള്ള റോഡ് നിലനിർത്തിക്കൊണ്ടുള്ള സ്ഥലമെടുപ്പാണ് ഉചിതമെന്ന എം. എൽ. എ. മാരുടെ നിർദ്ദേശം കൺസൾട്ടൻസി സ്ഥാപനത്തിന്റെ പ്രതിനിധികളുമായി പരിശോധിച്ച് നാശനഷ്ടം കുറഞ്ഞ രീതിയിൽ നിലവിലെ റോഡ് വീതി കുട്ടുന്ന കാര്യം പരിശോധിക്കാനും തീരുമാനിച്ചു. കൊളപ്പുറം ഹരിജൻ ശ്മശാനത്തിനു പകരം സമീപത്തായുള്ള സ്ഥലം ലഭ്യമാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനും നിർദ്ദേശിച്ചു.

കോഴിക്കോട് ജില്ലയിൽ പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി തുടരാൻ തീരുമാനിച്ചു.

കാസറഗോഡ് ജില്ലയിൽ നിലവിലുള്ള റോഡിന്റെ മദ്ധ്യഭാഗത്തു നിന്നും 22 1/2 മീറ്റർ വീതിയിൽ ഇരുഭാഗത്തുമുള്ള സ്ഥലമേറ്റെടുത്ത് നാലുവരിപ്പാത നിർമ്മിക്കേണ്ടതാണെന്ന യോഗതീരുമാനം സർക്കാരിനെ അറിയിക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| (ബി) ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെട്ട വർക്ക് നഷ്ടപരിഹാരം നൽകുന്നതി നുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) നാഷണൽ ഹൈവേ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്. ഇതനുസരിച്ച് ഏറ്റെടുത്ത ഭൂമിയുടെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ മൂന്നു കൊല്ലത്തിനകം കൈമാറ്റം ചെയതിട്ടുള്ള സമാനസ്വഭാവമുള്ള ഭൂമിയുടെ ആധാരങ്ങളിലെ വിലയും ഭൂമിയുടെ തരവും സ്ഥാനവും ന്യായ വിലയും പരിഗണിച്ചാണ് ഭൂമിക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കെട്ടിടങ്ങൾക്ക് 2012-ലെ പി.ഡബ്ല്യു.ഡി. നിരക്ക് അനുസരിച്ച് കാലപ്പഴക്കം കണക്കാക്കാതെയാണ് വില നൽകുന്നത്. |
| (സി) സർവ്വകക്ഷിയോഗത്തിൽ പരിഗണിച്ച നഷ്ടപരിഹാരം സംബന്ധിച്ച പാക്കേജ് അംഗീകരിച്ചിട്ടുണ്ടോ ? | (സി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.